കെ.ടി.ഡി.സി. സ്ഥാപനങ്ങളിൽ സ്വകാര്യ പങ്കാളിത്തം

13 [991] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) എറണാകുളം ബോൾഗാട്ടി പാലസിൽ മറീന സ്ഥാപിക്കുവാൻ സ്വകാര്യ കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ചു നടന്നിട്ടുള്ള ചർച്ചകളുടെ ഉള്ളടക്കവും പുരോഗതിയും വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടത്തിയ നവീകരണ ജോലികൾക്ക് എന്തു തുക ഇതുവരെ ചെലവായിട്ടുണ്ട്;

(എഫ്) സമീപഭാവിയിൽ പ്രസ്തുത തുക തിരികെ ലഭിക്കാവുന്ന വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;

(ജി) കെ.ടി.ഡി.സി. ആസ്ഥാന മന്ദിരത്തിൽ പുതിയതായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(എച്ച്) ഇത് ടൂറിസം വികസനത്തിന് ഏതെല്ലാം വിധത്തിൽ ഉപകരിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ധാരണാപത്രം ഒപ്പിട്ടിട്ടില്ല.

(ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) മസ്ക്കറ്റ് ഹോട്ടലിൽ നവീകരണ ജോലികൾക്ക് ഇതുവരെ 14.93 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) കെ.ടി.ഡി.സി. ആസ്ഥാനമന്ദിരത്തിൽ പുതിയ സംവിധാനങ്ങളൊന്നും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly